**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 707 **09.08.2017-** ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നേമം നിയോജക മണ്ഡലത്തിൽ എത്ര എസ്.സി എസ്.ടി കോളനികളാണ് നിലവിൽ ഉള്ളത്; കോളനികളുടെ ഉന്നമനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നേമം നിയോജകമണ്ഡലത്തിൽ 44 പട്ടികജാതി കോളനികളും ഒരു പട്ടികവർഗ്ഗ സെറ്റിൽമെന്റും ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ എം.എസ്.കെ. നഗർ പട്ടികജാതി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം നൽകുകയും ആയത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത പൂഴികുന്നിൽ പറങ്കിമാംവിള ലക്ഷം വീട് കോളനി, ആഴാംകൽ 44-ാം നഗർ കോളനി എന്നീ രണ്ട് പട്ടികജാതി കോളനികളിലായി 2 കോടി രൂപയുടെ (ഓരോ കോളനിയിലും ഒരു കോടി രൂപ വീതം) അടിസ്ഥാന വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>കല്ലിയൂർ പട്ടികവർഗ്ഗ സങ്കേതത്തിനുള്ളിലെ മരുതൂർക്കോണം - കനാൽ റോഡ് രണ്ട് തവണ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ടി റോഡിന്റെ ബാക്കി പണികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നേമം നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിൽ നിന്നും ഈ കോളനികളുടെ വികസനത്തിനായി എത്ര തുകയാണ് ചിലവഴിച്ചിട്ടുള്ളത് ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ? | (ബി) | മുൻ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിൽ നിന്നുമല്ല, പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന കോളനി വികസന പദ്ധതിയിൽ നിന്നുമാണ് ഈ കോളനിയുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ